ആ മുഴുവൻ ഗ്രാൻറും കൊടുക്കാത്തതുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളൊക്കെ ഇപ്പോഴും പൂർത്തിയാകാതെ നിൽക്കുകയാണ്. ശ്മശാനം, റോഡ്, കമ്മ്യൂണിറ്റി ഹാൾ, സ്റ്റേഡിയം മുതലായവ പൂർത്തിയാക്കുന്നതിനുവേണ്ടി എത്ര പഞ്ചായത്തുകൾക്ക് ഗ്രാൻറ് നൽകാൻ ഇനി ബാക്കിയുണ്ട്; ബാക്കിയുള്ള പഞ്ചായത്തുകൾക്കെല്ലാം ഏത് സമയത്ത് ഗ്രാൻറ് നൽകുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എം. സുന്ദരം: കൃത്യമായ കണക്ക് ശേഖരിച്ച് ഇനി യൊരവസരത്തിൽ തരാം.

(ബഹളം)

ശ്രീമതി. കെ. ആർ. ഗൗരി: ഗ്രാൻറ് കൊടുക്കുന്നതിനിടയിൽ ലാൻറ്സെസ്സും ഗ്രാൻറാണെന്നു പറഞ്ഞു. പഞ്ചായത്ത് ആക്ട് പ്രകാരം ലാൻറ്സെസ് പഞ്ചായത്തിൻറെ വിഹിതമാണ്; ഗ്രാൻറ് അല്ല എന്നാണ് കാണിച്ചിരിക്കുന്നത്. പുതുതായി പഞ്ചായത്ത് ആക്ടിൽ ഭേദഗതി വരുത്താതെ ലാൻറ്സെസ് എങ്ങനെ ഗ്രാൻറാകും?

ശ്രീ. സി. എം. സുന്ദരം: അതിനെപ്പറ്റി പരിശോധിച്ച് പറയുന്നതാണ്.

സംസ്ഥാനത്തെ കുഷ്ഠരോഗികളുടെ പുനരധിവാസം

*3 [450] ശ്രീ. കെ. ടി. കുണാരൻ:
,, കാനം രാജേന്ദ്രൻ:
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കുഷ്ഠരോഗികൾ ഉണ്ട്;

(ബി) ഇവരുടെ ചികൽസയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചു വരുന്നത്;

(സി) ഇവരുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) 1.6 ലക്ഷം പേർ.

(ബി) 4 ലെപ്രസി കൺട്രോൾ യൂണിറ്റുകളും 327 എസ്. ഇ. ടി. സെൻററുകളും ഒരു പൈലറ്റ് സർവ്വേ യൂണിറ്റും രണ്ട് റീ കൺസ്ട്രക്ടീവ് സർജറി യൂണിറ്റുകളും 3 കുഷ്ഠരോഗാശുപത്രികളും 2 സൂപ്പർവൈസറി അർബൻ സെൻററുകളും ഒരു ലെപ്രസി ട്രെയിനിംഗ് സെൻററും സർക്കാറിൻറെ കീഴിൽ പ്രവർത്തിച്ചു വരുന്നു. 3 കുഷ്ഠരോഗാശുപത്രികളിലും പുനരധിവാസത്തിനുള്ള സൗകര്യങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1986-87-ൽ 3 ലെപ്രസി കൺട്രോൾ യൂണിറ്റുകളും, 4 അർബൻ ലെപ്രസി സെൻറുകളും, 8 എസ്. ഇ. ടി. സെൻറുകളും, 2 മോഡിഫൈഡ് ലെപ്രസി കൺട്രോൾ യൂണിറ്റും, പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. രോഗ വിമുക്തരായവർക്ക് പുനരധിവാസകേന്ദ്രങ്ങൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു.

ശ്രീ. കെ. ടി. കണാരൻ: കുഷ്ഠരോഗ നിവാരണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകമായ ധനസഹായം ലഭിക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെൻറിൽനിന്നോ ലോകാരോഗ്യ സംഘടനയിൽനിന്നോ ഈ ഗവൺമെൻറ് നിലവിൽ വന്നതിനുശേഷം വല്ല ധനസഹായവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം ധനസഹായങ്ങൾ ഉപയോഗിച്ച് കുഷ്ഠരോഗികളെ പുനരധിവസിപ്പിക്കാനും സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഏതെല്ലാം രംഗത്ത് വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രോഗവിമുക്തരായവരെ പേഷ്യൻറ് എംപ്ലോയീസായി നിയമിച്ച് 100 രൂപവീതം ധനസഹായം നൽകിവരുന്നുണ്ട്. കേന്ദ്ര ഗവൺമെൻറിൽ നിന്നും ഇതിന് ഉദാരമായ സഹായമാണ് ലഭിക്കുന്നത്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ രോഗികളുടെ എണ്ണം കുറഞ്ഞു വരുന്നതുകൊണ്ട് മുമ്പുണ്ടായിരുന്നതുപോലെയുള്ള ചെലവുകൾ വരുന്നില്ല. രോഗ വിമുക്തി നേടാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിന് എത്രരൂപ ആവശ്യപ്പെട്ടാലും തരാൻ കേന്ദ്രത്തിന് സന്മനസ്സുണ്ട്.

ശ്രീ. കെ. ടി. കണാരൻ: കേരളത്തിലെ കുഷ്ഠരോഗാശുപത്രികളിലെ രോഗികളോടുള്ള പെരുമാറ്റത്തെക്കുറിച്ചും പല ആശുപത്രികളിലും സാമൂഹ്യ വിരുദ്ധൻമാർ നടത്തുന്ന അനാശാസ്യ പ്രവർത്തനങ്ങളെക്കുറിച്ചും ഒട്ടനവധി ആക്ഷേപങ്ങളും അപവാദങ്ങളും പത്രങ്ങളിൽ വന്നിരുന്നു. എന്നാൽ ഇന്നും പല ആശുപത്രികളെ സംബന്ധിച്ചിടത്തോളവും അത്തരത്തിലുള്ള അനാശാസ്യ പ്രവർത്തനങ്ങൾ പരിപൂർണ്ണമായി നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടില്ല. അത് അവസാനിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ള പശ്ചാത്തലത്തിൽ കുഷ്ഠരോഗാശുപത്രിയിലെ ജനങ്ങൾക്കുണ്ടാകുന്ന ആക്ഷേപങ്ങൾക്ക് പരിഹാരം കാണാൻ ഉചിതമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. തച്ചടി പ്രഭാകരൻ: ഈ വിഭാഗക്കാരോട് ആരും മോശമായ രീതിയിൽ പെരുമാറുമെന്ന് പ്രതീക്ഷിക്കുന്നില്ല. സാമൂഹ്യ സംഘടനകളും ഇവരുടെ കാര്യത്തിൽ സംരക്ഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു പരാതിയും ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ എന്തെങ്കിലും പരാതിയുണ്ടായിക്കഴിഞ്ഞാൽ കർശനമായ നടപടി അക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്. ഇന്നുവരെ അങ്ങനെ ഒരു ആക്ഷേപവും ഉണ്ടായതായി കാണുന്നില്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: നമ്മുടെ സംസ്ഥാനത്ത് എത്ര റീഹാബിലിറേഷൻ സെൻറുകളാണുള്ളത്; അതിൽ എല്ലാംകൂടി എത്ര പേരെ പുനരധിവസിപ്പിച്ചിട്ടുണ്ട്; എന്തെല്ലാം തൊഴിൽ സാദ്ധ്യതകളാണ് അവിടെ നിലവിലുള്ളത്; ഒരാൾക്ക് എന്തു വരുമാനം മാസത്തിൽ ഉണ്ടാകുമെന്ന് പറയുവാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ തച്ചടി പ്രഭാകരൻ: ഗവൺമെന്റുമയിലുള്ള മൂന്നു കുഷ്ഠരോഗാശുപത്രികളിലും അതിനുള്ള സൗകര്യങ്ങളുണ്ട്. ഇവരെ പുറത്തു നിന്ന് റീഹാബിലിറ്റേറ്റ് ചെയ്യണമെന്നു പറഞ്ഞാൽ അവർ വരാൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് റീഹാബിലിറ്റേറ്റ് ചെയ്യാൻ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങളും തുടങ്ങുന്നതിനുള്ള തുകപോലും നീക്കി വച്ചിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കണമെന്നു വിചാരിച്ചാൽ ആ സെന്റർ വിട്ടുവരാൻ അവർ തയ്യാറല്ലായെന്നുള്ളതാണ് ഗവൺമെന്റിനു കിട്ടിയിരിക്കുന്ന വിവരം.

ശ്രീമതി ഭാർഗവി തങ്കപ്പൻ: എന്റെ ചോദ്യം ഈ സെന്ററുകളിൽ എത്ര ആളുകളെ ഉണ്ടെന്നാണ്; അവർക്ക് എന്തെങ്കിലും തൊഴിൽ സാദ്ധ്യതകളുണ്ടോ; അതുപോലെതന്നെ തൊഴിൽ ചെയ്യുന്നവർക്ക് മാസ വരുമാനം എന്തുകിട്ടും? അതിന് മറുപടി പറഞ്ഞില്ല.

ശ്രീ. തച്ചടി പ്രഭാകരൻ: ഇപ്പോഴുള്ള എല്ലാ കുഷ്ഠരോഗാശുപത്രികളിലും റീഹാബിലിറ്റേറ്റ് ചെയ്യാനുള്ള സൗകര്യമുണ്ട്. അവർക്ക് അധിക വരുമാനമുണ്ടാക്കുന്നതിനുവേണ്ടിയുള്ള തൊഴിൽ സൗകര്യങ്ങളും അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. അത് പരിമിതമാണോയെന്നറിയില്ല. കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും ഗവൺമെന്റ് തയ്യാറാണ്.

ശ്രീമതി ഭാർഗവി തങ്കപ്പൻ: അവിടെ എത്ര ആളുകളുണ്ടെന്നറിയണ്ടേ; ആ റീഹാബിലിറ്റേഷൻ സെന്ററുകളിൽ എത്രയാളുകളെ റീഹാബിലിറ്റേറ്റു ചെയ്തിട്ടുണ്ട്; അവർക്ക് വല്ലതെങ്കിലും തൊഴിൽ സാദ്ധ്യതകളും ഉണ്ടോ, ഉണ്ടെങ്കിൽ എന്തു തൊഴിൽ സാദ്ധ്യതകളാണുള്ളത്; അവർക്കു കിട്ടുന്ന വരുമാനമെത്രയാണ് എന്നുള്ളതിനെ സംബന്ധിച്ചാണ് എനിക്കു മറുപടി കിട്ടേണ്ടത്.

ശ്രീ. തച്ചടി പ്രഭാകരൻ: എത്ര പേരുണ്ടെന്നുള്ളത് വേണമെങ്കിൽ പരിശോധിച്ച് വിവരം അറിയിക്കുന്നതാണ്.

ശ്രീമതി ഭാർഗവി തങ്കപ്പൻ: കുഷ്ഠരോഗാശുപത്രിയിൽ അവർക്ക് വേണ്ടുന്ന എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നുണ്ടെന്നും ഇവർക്കുവേണ്ടി എത്ര പണം വേണമെങ്കിലും കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടാലും തരാമെന്ന് സമ്മതിച്ചിട്ടുണ്ടെന്ന് ഇവിടെ പറഞ്ഞു. നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ ശുദ്ധജല വിതരണത്തിനുവേണ്ടി രോഗികളും നിരന്തരമായി സമരങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. പി. എച്ച്. ഇ. ഡി. ഓഫീസിനു മുമ്പിലും പി. ഡബ്ലിയു. ഡി. ഓഫീസിനു മുമ്പിലും ധർണ്ണയുൾപ്പെടെ ഈ രോഗികളും നിരന്തരമായി സമരങ്ങളും നടത്തിയിട്ടുണ്ട്, അതിനുശേഷം പൈപ്പ് വാങ്ങിച്ചിട്ടുണ്ട്. പൈപ്പ് വാങ്ങിയപ്പോൾ മോട്ടോറില്ല. ഇപ്പോഴും അവിടെ ശുദ്ധജല വിതരണം നടത്താൻ നിർവ്വാഹമില്ല. അവിടെ ശുദ്ധജലമെത്തിച്ചുകൊടുക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതോ ആയിരിക്കും അവിടെ സംഭവിച്ചത്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായതിനുശേഷം അവിടെ പോകുകയും ഈ പറഞ്ഞ മുഴുവൻ കാര്യങ്ങൾക്കും പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പിനു ഉടൻതന്നെ കണക്ഷൻ കൊടുക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിളിച്ച് പറയുകയും ചെയ്തു. ഈ പറയുന്ന എല്ലാ പരാതികളെ സംബന്ധിച്ചും പരിഹാരമുണ്ടാക്കിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ രോഗികളുടെ പ്രതിരോധ പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനും വേണ്ടി 33 ലക്ഷം രൂപയുടെ ഒരു പദ്ധതി മുമ്പ് ആവിഷ്കരിച്ചതായിട്ടറിയുന്നു. അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; എന്തെങ്കിലും പ്രവർത്തനങ്ങൾ അതിന്റെ ഭാഗമായി അവിടെ നടത്തപ്പെട്ടിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: 1986-87-ലെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ ഇക്കാര്യത്തിന് വകകൊള്ളിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസം, വികസനം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി എത്ര ലക്ഷം രൂപ വേണമെങ്കിലും നീക്കിവയ്ക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. വി. കെ. രാജൻ: വളരെ വികാരപരമായ രീതിയിലാണ് ഇപ്പോൾ മന്ത്രി മറുപടി പറഞ്ഞത്. ഈ ആശുപത്രിയിൽ ഒരു സൊസൈറ്റി ഉണ്ട്. അവർ സാധനങ്ങളൊക്കെ വാങ്ങുന്നത് അവിടെ നിന്നാണ്. അതിന് അവർക്ക് ബിൽ കൊടുക്കുന്നില്ല. അവിടത്തെ ഓപ്പറേഷൻ തിയേറ്ററിന്റെ കെട്ടിടം ബഹുമാനപ്പെട്ട സ്പീക്കറാണ് ഉൽഘാടനം ചെയ്തത്. ഓപ്പറേഷൻ തിയേറ്ററെന്നുപറഞ്ഞാൽ കെട്ടിടമല്ലല്ലോ? അവിടെ യാതൊരു ഉപകരണങ്ങളുമില്ല, നാളിതുവരെ അത് പ്രവർത്തിച്ചിട്ടില്ല. ഉദാരമായ ഒരു സമീപനമാണ് അവരോട് സ്വീകരിക്കുന്നതെന്ന് പറയുന്നത് അപാസ്തവമാണ്. അവർക്കാവശ്യമായ ബിൽ കൊടുക്കുന്നകാര്യത്തിൽ, ഓപ്പറേഷൻ തിയേറ്റർ പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: കൊരട്ടിയിലും നൂറനാട്ടുമൊക്കെ അവരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ട്... ഓപ്പറേഷൻ തിയേറ്ററിനാവശ്യമായ സാധനങ്ങൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഡ്വാൻസ് ചെയ്തിട്ടാണ് അവർ കൊടുക്കുന്നത്. കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഡ്വാൻസ് ചെയ്തതിന്റെ റീഇംബേഴ്സ്മെന്റ് ഗവൺമെന്റിൽ നിന്ന് വാങ്ങിക്കുകയാണ്. നൂറനാട് ആശുപത്രിയിൽ ഞാൻ പോയിരുന്നപ്പോൾ പി. ഡബ്ലിയു. ഡി. വർക്കുവരെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഏറെറടുത്ത് നടത്തിയിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ കുടിശ്ശികയുള്ളതുകൊണ്ട് ആ കുടിശ്ശിക കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാം. ഇവർക്ക് റീഇംബേഴ്സ്മെന്റ് തുക കിട്ടിയിട്ടില്ലെങ്കിൽ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. മൂന്നാശുപത്രിയിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുണ്ട്, വളരെ നല്ല രീതിയിൽ അത് പ്രവർത്തിക്കുകയാണ്. ഇതുപോലെയുള്ള സൊസൈറ്റിയും മറ്റുകാര്യങ്ങളുമൊക്കെ അവർ ചെയ്യുന്നുണ്ട്. ഇക്കാര്യത്തെസംബന്ധിച്ച് എന്തെങ്കിലും കുടിശ്ശികയുണ്ടെങ്കിൽ അത് ഉടൻതന്നെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ഓപ്പറേഷൻ തിയേറ്ററിൽ ഉപകരണങ്ങൾ കൊടുത്തിട്ടുണ്ടെങ്കിൽ ആ ഉപകരണത്തിനുള്ള കാശ് ഉടൻതന്നെ ഗവൺമെന്റ് കൊടുക്കുന്നതാണ്.

ശ്രീ. കെ. ജെ. ജോർജ്: കൊരട്ടിയിലുള്ള കുഷ്ഠരോഗാശുപത്രിയിൽ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു എന്ന് സമാധാനിപ്പിക്കുന്ന ഒരു മറുപടിയാണ് ധനകാര്യവകുപ്പുമന്ത്രിയിൽനിന്ന് കിട്ടിയിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ ഉൽഘാടനം ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററിനു് ഇന്നുവരെ യാതൊരു ഉപകരണങ്ങളും കൊടുത്തിട്ടില്ലെന്നുള്ളതു് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതു് വേഗംതന്നെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അതുപോലെതന്നെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വളരെയധികം പണമെടുത്തു് ചെലവു ചെയ്യാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടു് അഡ്വാൻസായിട്ടു് നല്ലൊരു സംഖ്യ കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങനെ ഒരേർപ്പാടു് ചെയ്തു് അവരെ സഹായിക്കുവാൻ സാധിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട സ്പീക്കർ ഉൽഘാടനം ചെയ്ത ഓപ്പറേഷൻ തിയേറ്ററിനു് എന്തെല്ലാം സംവിധാനങ്ങളാണു് വേണ്ടതെന്നുള്ളതിനെക്കുറിച്ചു് അങ്ങുതന്നെ ഒരു നോട്ടു് തരുക, ഉടനെതന്നെ ഗവൺമെന്റു് അതിനുള്ള ഉത്തരവു് പുറപ്പെടുവിക്കുന്നതാണു്.

മി. സ്പീക്കർ: ഒരു പരാമർശനം വന്നതുകൊണ്ടു് പറയുകയാണു്. ഇതുസംബന്ധിച്ചു് നേരത്തേതന്നെ ഒരു നോട്ടു് കൊടുത്തിട്ടുണ്ടു്..

ശ്രീ. തച്ചടി പ്രഭാകരൻ: കൊടുത്തിട്ടുണ്ടെങ്കിൽ അതു് ഇന്നുതന്നെ പരിശോധിച്ചു് ഉത്തരവു് കൊടുക്കുന്നതാണു്.

ശ്രീ. വി. കേശവൻ: രോഗവിമുക്തരായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ചില നടപടികളും തുടരുന്നുവെന്നു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു. അതേസമയം രോഗവിമുക്തി നേടുന്നയാളുകളെ ഗവൺമെന്റുടമയിലുള്ള മൂന്നു് കുഷ്ഠരോഗാശുപത്രിയിലുമായി പുനരധിവസിപ്പിക്കുമെന്നാണു് അദ്ദേഹം ഉത്തരത്തിൽ പറഞ്ഞതു്. ഇന്ത്യയിലെയെന്നല്ല, ഏഷ്യയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു ലെപ്രസി സെന്ററാണു് നൂറനാടു്. 1300-ഓളം രോഗികളും അവിടെയുണ്ടു്. അതിൽ അധികം ആളുകളും രോഗവിമുക്തരാണു്. പക്ഷേ അവർ രോഗവിമുക്തരായിക്കഴിഞ്ഞാൽ വീട്ടുകാർ അവരെ സ്വീകരിക്കുന്നില്ല. സാധാരണ വളരെ വർഷങ്ങളും വീട്ടിലില്ലാതിരുന്നിട്ടു് തിരിച്ചുചെല്ലുമ്പോളും വളരെ സന്തോഷത്തോടുകൂടി സ്വീകരിക്കുകയാണു് ചെയ്യേണ്ടതു്. രണ്ടുദിവസം വീട്ടിൽ കഴിഞ്ഞുകഴിയുമ്പോൾ ഇനി എന്നാണു് തിരിച്ചുപോകുന്നതെന്നാണു് അവരോടു് ചോദിക്കുന്നതെന്നാണു് അനുഭവത്തിൽനിന്നു് അവർ പറയുന്നതു്. അവരോടു് വീട്ടുകാർ പോകുവാൻ പറയുകയാണു്. അപ്പോളും അവർക്കു് മാനസികമായ പ്രയാസം ഇക്കാര്യത്തിലുണ്ടാകും. അതുകൊണ്ടു് അവർക്കു് പാർക്കാൻ ഒരു വീടും തൊഴിൽചെയ്യാനുള്ള സാമ്പത്തികസഹായവും കിട്ടിക്കഴിഞ്ഞാൽ എന്തെങ്കിലും തൊഴിൽ ചെയ്തിട്ടു് പുറത്തുതാമസിക്കാമെന്നാണു് പറയുന്നതു്. കേന്ദ്രഗവൺമെന്റു് ആവശ്യംപോലെ ഇവർക്കുവേണ്ടി പണം കൊടുക്കുമെന്നു് നാലുമാസത്തിനുമുമ്പു് കേന്ദ്രകൃഷിവകുപ്പുമന്ത്രി ശ്രീ. കൃഷ്ണകുമാർ അവിടെ വന്നപ്പോൾ ഒരു സമ്മേളനത്തിൽവച്ചു് പറയുകയുണ്ടായി. ഇങ്ങനെയുള്ള പുനരധിവാസഫണ്ടു് ഇന്നു് സഹകരണ ഏജൻസികളാണു് വാങ്ങിച്ചു് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു്. ഈ ഫണ്ടു് വാങ്ങി രോഗവിമുക്തരായിട്ടുള്ള ആളുകളെ പുറത്തു് പുനരധിവസിപ്പിക്കാൻവേണ്ടിയുള്ള സൗകര്യം ചെയ്തുകൊടുക്കുകയും മാറു് രോഗികളെ അവിടെ കൊണ്ടുവരികയും താമസിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? എല്ലാ സൗകര്യത്തോടുകൂടിയും നൂറനാടു് ലെപ്രസി

LIBRARY ARCHIVES Kerala Legislative Assembly

സാനട്ടോറിയം ഒരു ഗവേഷണകേന്ദ്രമാക്കി മാറ്റുമെന്ന് കേന്ദ്രസഹ മന്ത്രി അവിടെവച്ച് പ്രഖ്യാപിച്ചു. അതിനെപ്പറ്റി സംസ്ഥാന ഗവൺമെൻറിന്, വല്ല അറിവുമുണ്ടോ, ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ നേരത്തേതന്നെ ഉത്തരം പറഞ്ഞതാണിതിന്. ഇവരുടെ പുനരധിവാസമടക്കമുള്ള ഏതു കാര്യത്തിലും കേന്ദ്രഗവൺമെൻറ് ഉദാരമായ മനോഭാവം പ്രകടമാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെൻറിൻെറ നയമാണ് ഞാൻ പറഞ്ഞത്. കേന്ദ്രഗവൺമെൻറിൻെറ നയമനുസരിച്ച് ഇവരെ പുനരധിവസിപ്പിക്കുന്നതിനോ മറേറത് രീതിയിലുള്ള സഹായങ്ങളോ വേണമെന്നാവശ്യപ്പെട്ടാൽ തരാമെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിലാണ് നൂറനാട് ലെപ്രസി സെൻറർ. അതിൽ ബഹുഭൂരിപക്ഷവും രോഗവിമുക്തരാണ്. അവരെ എവിടെയെങ്കിലും പുനരധിവസിപ്പിക്കാമെന്നുവിചാരിച്ചാൽ അവർ പുറത്തോട്ട് വരാൻ തയ്യാറല്ല. ബഹുമാനപ്പെട്ട മെമ്പർ തന്നെ ഒരു സ്ഥലം നിർദ്ദേശിച്ചുകഴിഞ്ഞാൽ ആ സ്ഥലം അക്വയർ ചെയ്ത് അവരുടെ പുനരധിവാസത്തിനുള്ള നടപടി, അവരുടെ സൗകര്യമനുസരിച്ച് ബന്ധപ്പെട്ടവരും ബഹുമാനപ്പെട്ട എം. എൽ. എ. യുമായി ചേർന്ന് ചർച്ചനടത്തി ഭാവിപരിപാടി ആസൂത്രണം ചെയ്യാം.

ശ്രീ. കെ. പി. രാമൻ: നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെയിടയിൽ കുഷ്ഠരോഗം ഉണ്ടോയെന്ന് നേരിട്ട് മനസ്സിലാക്കുന്നതിന് ലെപ്രസി ഹെൽത്ത് വിസിറേറഴ്സിനെ നിയമിക്കാറുണ്ട്. അത്തരം ആളുകളെ കൂടുതൽ നിയമിക്കുന്നതിന് ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: അവരുടെ പ്രവർത്തനം അത്ര ഫലപ്രദമാണെന്ന് തോന്നിയിട്ടില്ല. കുറേകൂടി ഫലപ്രദമായി ഹെൽത്ത് വിസിറേഴ്സിനെ വയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: അതിർത്തി പ്രദേശങ്ങളിൽ, പ്രത്യേകിച്ച് പാലക്കാട് ജില്ലയുടെ അതിർത്തിപ്രദേശങ്ങളിൽ തമിഴ്നാട് പോലീസ് കുഷ്ഠരോഗികളെ വേട്ടയാടി ബോർഡറിൽ ഇറക്കിവിടുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അങ്ങനെ ഇറക്കിവിടുന്ന ആളുകളെ ഇങ്ങനെ അലഞ്ഞുതിരിഞ്ഞുനടക്കാൻ വിടാനാണോ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. തച്ചടി പ്രഭാകരൻ: അങ്ങനെ ഒരു പരാതി ഇതുവരെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. ഇ. പത്മനാഭൻ: കുഷ്ഠരോഗികളെ പുനരധിവസിപ്പിക്കുന്നതിന് ഇപ്പോൾ ഫണ്ട് കിട്ടുമെന്ന് മന്ത്രി പറഞ്ഞു. അടുത്ത ദിവസം കേന്ദ്രഗവൺമെൻറ് ലെപ്രസി ആക്ട് റദ്ദാക്കുന്നതിനും കുഷ്ഠരോഗികളെ സെഗ്രഗേറ്റ് ചെയ്യുന്നതിനും ചില പ്രത്യേക ജോലികളിൽനിന്ന് അവരെ ഒഴിവാക്കുന്നതിനും തീരുമാനിച്ചു. 1898-ൽ ഉണ്ടാക്കിയ നിയമമാണ് റദ്ദാക്കാൻ തീരുമാനിച്ചത്. ആ നിയമത്തിൻെറ അടിസ്ഥാനത്തിലാണ് അവരെ റീഹാബിലിറേററ് ചെയ്യാൻവേണ്ടി ഇത്രയും സാനട്ടോറിയങ്ങളും മറ്റും ഉണ്ടാക്കിയത്. സാമൂഹ്യരംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

കുഷ്ഠരോഗികൾക്കെതിരായിട്ടുള്ള പ്രവണത എത്രകണ്ട് നില നിൽക്കുന്നുവെന്ന് അവരുടെ അനുഭവത്തിൽനിന്ന് അവർതന്നെ പറയുന്നുണ്ട്. ഈ സാഹചര്യത്തിൽ ഈ ആക്ട് റദ്ദാക്കിക്കഴിഞ്ഞാൽ അവരെ പുനരധിവസിപ്പിക്കാനും അത്തരം സ്ഥാപനങ്ങൾ നില നിർത്താനും ആവശ്യമായ എന്തെങ്കിലും മാറ്റ് സംവിധാനങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? തിരുവിതാംകൂറിൽ 1892-ൽ ഒരു നിയമം ഉണ്ടായിരുന്നതാണ്. ഈ നിയമം ഇപ്പോൾ റദ്ദാക്കാൻ പോകുന്ന സാഹചര്യത്തിൽ അവർക്ക് നിയമപരമായ സംരക്ഷണം കൊടുക്കാൻ മറ്റു ബദൽ നിയമം വല്ലതും ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: പുനരധിവാസ സ്കീമിന്റെ കാര്യം പറഞ്ഞു. റൂറൽ കുഷ്ഠരോഗികളായിട്ടുള്ള ആളുകളിൽ രോഗവിമുക്തരായിട്ടുള്ള ആളുകൾക്ക് കുന്നത്തൂർതാലൂക്കിൽ 200 ഏക്കർ സ്ഥലം പ്രത്യേകമായിട്ട് അലോട്ട് ചെയ്ത്, 100 വീടും ഉണ്ടാക്കി അവരെ അവിടെ കൊണ്ടുചെന്ന് താമസിപ്പിച്ചു. പുറത്തുള്ള ആളുകളുടെ ശല്യംകൊണ്ടും ഗവൺമെന്റിന്റെ പ്രൊട്ടക്ഷൻ കിട്ടാത്തതുകൊണ്ടുമല്ലേ അവർ അവിടെനിന്നുപോയത്? ഇപ്പോൾ, ആ സ്ഥലം വേറെ ആരോ താമസിക്കുവാൻ ഉപയോഗപ്പെടുത്തിയിരിക്കുകയാണ്. എന്തുകൊണ്ടാണ് ഗവൺമെന്റ് അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കാത്തത്?

ശ്രീ. തച്ചടി പ്രഭാകരൻ: അങ്ങനെ അവിടെ പുനരധിവസിക്കുന്നതിന് തയ്യാറായിക്കഴിഞ്ഞാൽ അതിന് സർവ്വവിധമായ പ്രൊട്ടക്ഷനും ഗവൺമെന്റ് നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: പത്തും ഇരുപത്തിയഞ്ചും കൊല്ലം കുഷ്ഠരോഗാശുപത്രിയിൽ കിടക്കുകവഴി കുടുംബബന്ധം അറ്റു പോയവരാണ് കുഷ്ഠരോഗികളിൽ ഭൂരിപക്ഷവും. അതുകൊണ്ടാണ് കുഷ്ഠരോഗാശുപത്രിയിൽ അവർക്ക് ജോലിചെയ്യാൻ കൂടുതൽ സൗകര്യം കൊടുക്കുന്നത്. കോഴിക്കോട് ചേവായ് ലെപ്രസി സാനട്ടോറിയം അടക്കം അടച്ചുപൂട്ടുന്ന സ്ഥിതിയാണുള്ളത്. പേഷ്യൻസ് എംപ്ലോയീസായി കുഷ്ഠരോഗികളെ നിശ്ചയിച്ച സ്കീമുണ്ട്, ഇന്ന് ഒഴിവുമുണ്ട്, അപേക്ഷയുമുണ്ട്. അവരെ നിയമിക്കുന്നകാര്യം പരിഗണിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കുഷ്ഠരോഗികളുടെ പുനരധിവാസത്തിന്റെ ഭാഗമായി രോഗം പൂർണ്ണമായി ഭേദപ്പെട്ട, യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവ്വീസിൽ നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അവർക്ക് യഥാർത്ഥമായ കുടുംബജീവിതം നയിക്കുന്നതിന് സഹായകമായ നിലയിൽ പബ്ലിക് സർവ്വീസിലേക്ക് അവരെ കയ്യറിവിടുന്നതിന് എന്തെങ്കിലും പരിപാടി ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ? ഇല്ലെങ്കിൽ അത് പരിഗണിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല. ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശമായി തന്നാൽ അത് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻ മാസ്റ്റർ: വയനാട് ജില്ലയിൽ നൂൽപ്പുഴ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ ഗിരിവർഗ്ഗക്കാർക്കിടയിൽ കുഷ്ഠരോഗം ഉള്ളതായി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ അവരെ ആശുപത്രിയിൽ കൊണ്ടുപോയി ചികിൽസിച്ച് ഒരുവിധം ഭേദമാകുമ്പോൾ മരുന്ന് കൊടുത്ത് വീട്ടിലേക്ക് വിടുകയാണ് പതിവ്. അങ്ങനെ മരുന്ന് കൊടുത്ത് അയയ്ക്കുമ്പോൾ ആ മരുന്നുകൾ വേണ്ടവിധത്തിൽ ഉപയോഗിക്കാത്തതുകൊണ്ട് കുഷ്ഠരോഗം ഭേദമാകുന്നില്ല. അതുകൊണ്ട് അത്തരം രോഗികളെ പരിപൂർണ്ണമായി ഗവൺമെൻറിന്റെ നിയന്ത്രണത്തിലും സംരക്ഷണയിലും കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: പരിശോധിക്കുന്ന അവസരത്തിൽ കുഷ്ഠരോഗത്തിന്റെ സ്വഭാവം ഉണ്ടെങ്കിൽ അവരെ പരിശോധിച്ച് ബന്ധപ്പെട്ട ആശുപത്രിയിൽ എത്തിക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അങ്ങനെ മരുന്ന് കൊടുത്തയച്ചാൽ അത് വേണ്ടവിധത്തിൽ ഉപയോഗിക്കാത്തതുകൊണ്ട് രോഗം ഭേദമാകുന്നില്ല. ഗവൺമെൻറ് നിയന്ത്രണത്തിൽ അവർക്ക് മരുന്ന് കൊടുക്കാനും സംരക്ഷണം കൊടുക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കുഷ്ഠരോഗത്തിന്റെ സൂചനയുണ്ടെങ്കിൽ അവർക്ക് മരുന്നു കൊടുത്തു വിടുന്ന ആശുപത്രിയില്ല. കുഷ്ഠരോഗ സൂചന ഉണ്ടെങ്കിൽ അവർക്ക് മരുന്നു കൊടുക്കുന്നത് കുഷ്ഠരോഗാശുപത്രിയിലും അതുമായി ബന്ധപ്പെട്ട ആശുപത്രിയിലുമാണ്. അതിന്റെ സൂചനയില്ലാത്തവർക്ക് വേറെ വല്ല രോഗവുമായിരിക്കും. അവരെ വേറെ എവിടെയെങ്കിലും കൊണ്ടുപോകണം.

ശ്രീ. രാഘവൻ പെഴക്കടവിൽ: തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ തമിഴ് നാട്ടിൽനിന്ന് വന്ന ചില കുഷ്ഠരോഗികൾ സ്ഥിരമായി താമസിക്കുകയാണ്. അവർ നേരം പുലർന്നാൽ പട്ടണങ്ങളിൽ പീടികകളിലും ഹോട്ടലുകളിലും കയറി പിരിവെടുത്തുകൊണ്ട് വൈകുന്നേരം ആകുമ്പോൾ തമ്പടിച്ചു ജീവിക്കുകയാണ്, അവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: തമിഴ്നാട്ടിൽനിന്ന് മാത്രമല്ല കർണ്ണാടകം, ആന്ധ്രാ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ഉള്ളവരുമുണ്ട്. ഇവിടെയുള്ളവർക്കുതന്നെ പുനരധിവാസത്തിന് സൗകര്യമില്ല. കഴിയുന്നത്ര അതിന് നിയന്ത്രണം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കാം. അനാരോഗ്യകരമായ സാഹചര്യങ്ങളിലേക്ക് പോകാതിരിക്കുവാൻ വേണ്ട കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വിനോദ സഞ്ചാരം വ്യവസായമാക്കാൻ നടപടി

*4 (451) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, പി. കെ. ഹംസ:
ശ്രീമതി പി. ദേവുട്ടി:
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, എം. ജിനദേവൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly